പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1923 — 17.03.2015-ൽ മറുപടിക്ക്.

## ആഭ്യന്തര വകുപ്പ് സ്ഥാപിച്ച ക്യാമറകൾ

ചോദ്യം — ഉത്തരം

ശ്രീമതി. കെ.എസ്. സലീഖ

രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ആഭ്യന്തര വകുപ്പ് റോഡുകൾ/പോലീസ് സ്റ്റേഷനുകൾ/മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഏതെല്ലാം കമ്പനികളുടെ എത്ര ക്യാമറകൾ സ്ഥാപിച്ചു; ഇതിനായി എത്ര തുക ഓരോ വർഷവും ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

: (എ)

| വർഷം | സ്ഥാപിച്ച ക്യാമറകളുടെ എണ്ണം | ചെലവാക്കിയ തുക | ക്യാമറകൾ സ്ഥാപിച്ച സ്ഥാപനം |
|---|---|---|---|
| 2011 | 346 | 9,02,13,950 | കെൽട്രോൺ |
| 2012 | 404 | 4,34,51,925 | ,, |
| 2013 | 15 | 19,99,963 | ,, |

(ബി) ഇതിൽ നിലവിൽ പ്രവർത്തനക്ഷമമായുള്ള ക്യാമറകൾ എത്രയെന്നും പ്രവർത്തനരഹിതമായവ എത്രയെന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

: (ബി) പ്രവർത്തന ക്ഷമമായവ - 738 എണ്ണം
പ്രവർത്തനക്ഷമമല്ലാത്തവ - 27 എണ്ണം

പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകളുടെ ജില്ല തിരിച്ചുള്ള കണക്ക്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 7 |
| എറണാകുളം | - | 12 |
| തൃശ്ശൂർ | - | 3 |
| കൊല്ലം | - | 2 |
| മലപ്പുറം | - | 3 |

(സി) ക്യാമറകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിലും വീഴ്ചകളോ ക്രമക്കേടുകളോ നടത്തിയവർ/ സ്ഥാപനങ്ങൾ ആരെല്ലാം; ഇവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

: (സി) വീഴ്ചകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല.

(ഡി) ഇത്തരം ക്യാമറകളിലൂടെ ഡ്രൈവർമാരുടെ അതിവേഗം അടക്കമുള്ള എത്ര കേസുകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തു; ആയതുപ്രകാരം എത്ര തുക പിഴയിനത്തിൽ ഈടാക്കി; കാബിനറ്റ്, ഐ.എ.എസ്, ഐ.പി.എസ് റാങ്കുള്ള ആരൊക്കെ ഇത്തരത്തിൽ പിഴയടച്ചു; വിശദാംശം വ്യക്തമാക്കുമോ?

: (ഡി) 861949 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പിഴയിനത്തിൽ 20.78 കോടി രൂപ ഇതുവരെ അടച്ചിട്ടുണ്ട്. 5 സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾക്ക് അതിവേഗതയ്ക്ക് പെറ്റി നോട്ടീസ് അയച്ചിട്ടുള്ളതും ടി ഫൈനുകൾ എല്ലാംതന്നെ ഒടുക്കിയിട്ടുള്ളതുമാണ്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| SL.No. | Vehicle No. | Owner of Vehicle | Petty No. | Date of Remittance |
|---|---|---|---|---|
| 1 | KL 01 AU 2152 Car | Principal Secretary, Finance | 8501 | 08/05/13 |
| 2 | KL 01 BE 2286 Car | Land Revenue Commissioner, Public Office | 5134 | 18/02/13 |
| 3 | KL 01 BE 2286 Car | Land Revenue Commissioner, Public Office | 4988 | 06/02/13 |
| 4 | KL 01 BE 2286 Car | Land Revenue Commissioner, Public Office | 8006 | 23/03/13 |
| 5 | KL 01 BH 2440 | Principal Secretary, Water Resources Department. | 1628 | 26/06/13 |